# പെണ്ണിടം

## ഉദയംപേരൂർ സൂനഹദോസിൽ



എഡിറ്റർ

**ആന്റണി പാട്ടപ്പറമ്പിൽ**

Malayalam
PENNIDAM UDAYAMPEROOR SOONAHADHOSIL
(History)

*Edited by*
Dr. Antoney Pattaparambil

*Published by*
Ayin Publications
Carmelgiri, U.C. College P.O.,
Aluva-683 102, P.B. No. 620, Kerala
Tel. 9447508112
www.krlcc.org
E-mail: krlcc2002@gmail.com

*First Impression:* July 2022

*Cover Design:* Rony Antony Moonnumoolayil
*Text Layout:* Syam Chirackal

*Printed @*
Dona Press, Kottayam

All rights reserved 2022 by K.R.L.C.C. No part of this work may reproduced or transmitted in any form or by any means, for exam electronic or mechanical, including photocopying and recording wi the prior permission of the publisher.

Price: ₹ 150/-

ISBN: 978-81-957364-0-9

# ക്രമം


മുഖമൊഴി ........ 9

1. **പെൺമയോടുള്ള ആദരം**

   ബിഷപ് ഡോ. അലക്സ് വടക്കുംതല ........ 11

2. **പെണ്ണിടം പതിനാറാം നൂറ്റാണ്ടിലെ കേരള സാമൂഹിക-സാംസ്കാരിക ഭൂമികയിൽ**

   പ്രൊഫ. ഡോ. ജാൻസി ജയിംസ് ........ 25

3. **പെണ്ണിടം ഉദയംപേരൂർ സൂനഹദോസ് കാനോനകളിൽ**

   ശ്രീമതി വിദ്യ ജേക്കബ് ഐ.എ.എസ്. ........ 43

4. **സ്ത്രീധനം ഉദയംപേരൂർ സൂനഹദോസിൽ**

   ഡോ. സി. തെരേസ സി. എസ്. എസ്. ടി. ........ 59

5. **സ്ത്രീ നവോത്ഥാനം ഉദയംപേരൂർ സൂനഹദോസിൽ**

   ഡോ. മിനി ആന്റണി ഐ.എ.എസ്. ........ 74

6. **ദാമ്പത്യവിശുദ്ധി ഉദയംപേരൂർ സൂനഹദോസ് രേഖകളിൽ: കേരള സംസ്കാരത്തിന് ഒരു ക്രൈസ്തവസംഭാവന**

   ജസ്റ്റിസ് കുര്യൻ ജോസഫ് ........ 81

7. **ഉദയംപേരൂർ സൂനഹദോസും സ്ത്രീപുരുഷ തുല്യതയും**

   ഡോ. ശ്രീജ എൻ. ജി ........ 95

8. **തൊട്ടിലാട്ടുന്ന കരം ലോകം ഭരിക്കുന്നു**

   അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ബായി ........ 106

9. **ഉദയംപേരൂർ സൂനഹദോസ്: ഒരു പെൺപക്ഷ വായന**

   ബിൻസി മരിയ എൻ. ........ 114

ഈ വിശുദ്ധി അടങ്ങിയിരിക്കുന്നതെന്നും ആ വിശുദ്ധി ഇല്ലാതെ ഒരു ദാമ്പത്യം നിലനിൽക്കുകയില്ലാ എന്നും ആ ദാമ്പത്യം ആണ് ഒരു സമൂഹത്തിന്റെ അടിത്തറ എന്നും സഭയുടെ അടിത്തറ എന്നും ഒരു സമുദായത്തിന്റെ അടിത്തറ എന്നും അപ്രകാരമുള്ള ആ പരിശുദ്ധമായ വേരുണ്ടെങ്കിൽ മാത്രമേ പരിശുദ്ധമായ ശാഖകളും അടുത്തൊരു തലമുറയുമുണ്ടാകൂ എന്നും നീട്ടി കണ്ടുകൊണ്ടും മുൻകൂട്ടി കണ്ടുകൊണ്ടും പ്രമാണങ്ങൾ രേഖകളാക്കി, നിയമങ്ങളാക്കി, കാനോനകളാക്കി. സ്ഥാപിച്ചെടുത്ത ഉദയംപേരൂർ സൂനഹദോസിൽ പങ്കെടുത്തവരെയും അതിന് ഇപ്രകാരം ഉള്ള നസ്രാണികളെ, നല്ലൊരു സമുദായത്തെ വളർത്തിയെടുക്കാൻ, നല്ല പാരമ്പര്യങ്ങൾ സൃഷ്ടിച്ചെടുക്കാൻ ആവശ്യമായ ക്രമവത്കരണങ്ങൾ ചെയ്തവരെയൊക്കെ ഞാൻ അഭിനന്ദിക്കുന്നു. അവരുടെ ദീർഘവീക്ഷണത്തെയും അവരുടെ ഉൾക്കാഴ്ചകളെയും അവരുടെ യേശു അടിസ്ഥാനമാക്കിയുള്ള, യേശുവിന്റെ പ്രമാണങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനങ്ങളും നമ്മൾ ആഴത്തിൽ പഠിക്കുക മാത്രമല്ല, നമ്മൾക്ക് എക്കാലത്തേക്കുമായി തുടരേണ്ടതുമാണ്. കാരണം, ദൈവത്തിന്റെ പഠനങ്ങൾ അന്നും ഇന്നും എന്നും ഉള്ളതുപോലെ എന്നും ഒന്നു തന്നെയാണ്. എക്കാലത്തേക്കുമായ ഇപ്രകാരമുള്ള faith and moral, ഈ രണ്ടു കാര്യങ്ങൾ faith and morality, രണ്ടു കാര്യങ്ങളെ സംബന്ധിച്ചിടത്തോളം basic പ്രമാണങ്ങൾക്ക് ഈ സൂനഹദോസ് അടിവരയിട്ടു എന്നും പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഈ ചെറിയ പ്രഭാഷണം ഇവിടെ അവസാനിപ്പിക്കുന്നു.



# 7

# ഉദയംപേരൂർ സൂനഹദോസും സ്ത്രീപുരുഷ തുല്യതയും

ഡോ. ശ്രീജ എൽ. ജി.

കേരളത്തിൽ നിലനിന്നിരുന്ന ജാതീയതയും ജന്മി-കുടിയാൻ വ്യവസ്ഥയും മറ്റു സാമൂഹിക അനാചാരങ്ങളുമൊക്കെ ഓരോ മനുഷ്യന്റെയും ജീവിതത്തെ സ്ത്രീപുരുഷ ഭേദമെന്യേ ബാധിച്ചിരുന്നു. പ്രത്യേകിച്ച്, സ്ത്രീ കുറേക്കൂടി അതിന്റെ ദൂഷ്യവശങ്ങൾ അനുഭവിക്കേണ്ടിയും വന്നു. ജാതീയതയുടെയും പുരുഷമേധാവിത്വത്തിന്റെയും നിറത്തിന്റെയും, പിതൃദായക്രമവ്യവസ്ഥിതിയുടെയും പേരിലുമൊക്കെ സ്ത്രീക്ക് അന്നത്തെ ഇത്തരം ദുഷിച്ച സാമൂഹികവ്യവസ്ഥിതിയുടെ ഭാഗമായി ഒത്തിരി ത്യാഗങ്ങളും സഹനങ്ങളും ഏറ്റെടുക്കേണ്ടി വരുകയും സ്വന്തമായി നിലപാടുകളില്ലാത ജീവിക്കേണ്ടി വരുകയും ചെയ്തിട്ടുണ്ട്. ഉന്നതകുലജാതയായ സ്ത്രീക്കും സാമൂഹികവ്യവസ്ഥയുടെ താഴ്ന്ന ശ്രേണിയിലുള്ള സ്ത്രീക്കും ഇത്തരത്തിൽ, കടന്നുപോകുന്ന അവസ്ഥകൾക്ക് സമാനതകൾ ഉണ്ടായിരുന്നു. ശൈശവ വിവാഹം, മണ്ണാപ്പേടി, പുലപ്പേടി, സ്ത്രീധനം[1] എന്നിങ്ങനെ നിരവധി അന്ധവിശ്വാസ-അനാചാരങ്ങൾക്കിടയിലൂടെയുള്ള അവളുടെ യാത്ര തികച്ചും ദുസ്സഹമായിരുന്നു. അക്കാലത്ത് നിലവിലിരുന്ന ഇത്തരം സമ്പ്രദായങ്ങൾ പെൺകുഞ്ഞിന്റെ ജനനം പോലും ദുസ്സൂചനയായോ അശുഭമായോ കാണാൻ അന്നത്തെ ജനതയെ പ്രേരിപ്പിച്ചു. പെൺകുട്ടിയുടെ സെക്ഷ്വാലിറ്റി സംബന്ധിച്ച് കൃത്യമായ അലിഖിത നിയമങ്ങൾ അവൾക്കു ചുറ്റുമുണ്ടായിരുന്നു. പുരുഷനു സ്ത്രീയെ ആവശ്യമുള്ളപ്പോഴും ഇല്ലാത്തപ്പോഴും വേണ്ട രീതിയിലുള്ള അലിഖിതനിയമങ്ങളിൽ സ്ത്രീസമൂഹം കെട്ടപ്പെട്ടു കിടന്നു. ബ്രാഹ്മണ സമുദായത്തിലെ മൂത്ത ആൺസന്താനത്തിനു മാത്രമാണ് വിവാഹം കഴിക്കാൻ അനുവാദമുണ്ടായിരുന്നത്. മറ്റുള്ളവർക്ക് അവരുടെ ജൈവികാവശ്യങ്ങൾ നിറവേറ്റാൻ നായർസ്ത്രീകളെ ഉപയോഗിച്ചു കൊണ്ടുള്ള സംബന്ധസമ്പ്രദായം ഉണ്ടാകുന്നത് അങ്ങനെയാണ്.[2] പുരുഷന്റെ ലൈംഗികാവശ്യങ്ങൾ തൃപ്തിപ്പെടുത്താൻ അപ്പോൾ ജാതി ഒരു പ്രശ്നമാകുന്നില്ലെന്ന് മാത്രമല്ല, സ്ത്രീക്ക് ഒന്നിലധികം പുരുഷന്മാരെ സ്വീകരിക്കുകയും ചെയ്യാം.

എന്നാൽ, ബ്രാഹ്മണ ഇല്ലങ്ങളിലെ അവിവാഹിതരായ സ്ത്രീകൾ മരണം വരെ തങ്ങളുടെ ചാരിത്രശുദ്ധി പാലിച്ചിരിക്കണമെന്ന് നിർബന്ധമുണ്ട്. അല്ലാത്തപക്ഷം കുടുംബത്തിന് അത് ദോഷമുണ്ടാക്കുമെന്ന ചിന്തയും ഇതിന് ഉപോദ്ബലകമായുണ്ട്. ഇത്തരത്തിൽ സ്വസമുദായത്തിലെ സ്ത്രീകളുടെ ചാരിത്രത്തിന് ഭംഗം വരുത്താതെ, എന്നാൽ മറ്റു സ്ത്രീകളുടെ ചാരിത്രം കവർന്നെടുക്കുന്നതിൽ പ്രശ്നവുമില്ല എന്ന വൈരുധ്യാത്മകതലങ്ങളിലുള്ള നയങ്ങളാണ് പുരുഷമേധാവിത്വ സമൂഹം സ്ത്രീക്കു നേരേ കൈക്കൊണ്ടത്. ശൈശവവിവാഹങ്ങൾപോലും ഇത്തരത്തിൽ സ്ത്രീലൈംഗികതയ്ക്കു നേരേയുള്ള ബ്രാഹ്മണാധിപത്യമുള്ള ഒരു സമൂഹത്തിന്റെ കടന്നു കയറ്റമായിരുന്നു. ഒരു പെൺകുട്ടിയെ വിവാഹം ചെയ്യണമെങ്കിൽ സ്ത്രീധനമായി അവൾക്കു ലഭ്യമാകേണ്ട വസ്തുവകകളെക്കുറിച്ചുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടുകളെക്കുറിച്ചുള്ള പരാമർശങ്ങളും ഏറെയുണ്ട്. ഒരു പെൺകുട്ടി പ്രായപൂർത്തിയാകുന്നതിനു മുമ്പ് വിവാഹം കഴിപ്പിച്ചയച്ചില്ലെങ്കിൽ, അതിന്റെ ശാപം കൂടി ആ കുടുംബത്തിലെ അംഗങ്ങളെ വേട്ടയാടിക്കൊണ്ടിരിക്കും എന്നൊരു അന്ധവിശ്വാസംകൂടി ഇത്തരത്തിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.[3] മാത്രമല്ല, വിവാഹസമയത്ത് നല്കേണ്ട പൊന്നും പണ്ടവുമൊക്കെ രക്ഷാകർത്താക്കളുടെ ഉറക്കം കെടുത്തിയിരുന്നു. അതൊക്കെക്കൊണ്ടാണ് പെൺകുട്ടിയുടെ ജനനം കുടുംബങ്ങൾ ബാധ്യതയായി മാത്രം പരിഗണിക്കുന്നതും. ഉയർന്ന ജാതിയിലുള്ള സ്ത്രീകൾക്കു നേരിടേണ്ടി വന്നിരുന്ന മറ്റൊരു സാമൂഹിക അനാചാരമാണ് മണ്ണാപ്പേടി, പുലപ്പേടി തുടങ്ങിയവ. ജാതിയടിസ്ഥാനത്തിൽ ഒരു സ്ത്രീയുടെ മുന്നിൽ നിവർന്നു നില്ക്കാൻപോലും യോഗ്യതയില്ലാത്ത താഴ്ന്നജാതിയിലെ പുരുഷന്മാർ കമ്പോ കല്ലോ എറിഞ്ഞ് കൊള്ളിച്ചും അങ്ങനെ സ്ത്രീയെ സ്വന്തമാക്കി ഗർവുകൊള്ളാനുള്ള സാഹചര്യമായി അതിനെ മാറ്റുന്നു. ഇവിടെ അനാചാരങ്ങൾക്ക് എപ്പോഴും ഇരയാക്കപ്പെടുന്നത് സ്ത്രീകൾ മാത്രമാണെന്ന് പറയേണ്ടിവരും. എടുത്തു പറയേണ്ടുന്ന മറ്റൊന്നാണ് ദേവദാസി സമ്പ്രദായം. സ്ത്രീലൈംഗികതയെ ആത്മീയതയുടെ പേരിൽ ചൂഷണം ചെയ്യുന്ന മറ്റൊരു ഏർപ്പാടായിരുന്നു ഇത്. കന്യകകളായ പെൺകുട്ടികളെ അമ്പലങ്ങളിൽ ഈശ്വരനു വേണ്ടി പ്രതിഷ്ഠിക്കുകയും പിന്നീട് പൂജാരിമാരുടെയും രാജാക്കന്മാരുടെയും വെപ്പാട്ടികളായി ജീവിക്കേണ്ടിവരുകയും ചെയ്യുന്ന ഇക്കൂട്ടർ, പ്രായമാകുമ്പോഴോ അസുഖബാധിതരാകുമ്പോഴോ സമൂഹത്തിൽ നിന്ന് പുറന്തള്ളപ്പെടുന്നു.[4] ഇങ്ങനെ ജാതീയമായും സാമൂഹികമായും പലതരത്തിൽ സ്ത്രീകൾ ചൂഷണം ചെയ്യപ്പെടുന്ന ഒരു കാലഘട്ടമായിരുന്നു അത്. ആർത്തവം അശുദ്ധിയാണെന്ന ചിന്തകളാലും സ്ത്രീകൾ വിവേചനം നേരിട്ടിരുന്നു. ഇങ്ങനെ പുരുഷാധിപത്യസമൂഹത്തിന്റെ കൃത്യമായ കണക്കുകൂട്ടലുകൾക്കനുസരിച്ചാണ് ഒരു പെൺകുട്ടി വളരേണ്ടതും ജീവിക്കേണ്ടതും.

പിതൃദായക്രമവ്യവസ്ഥിതിയിൽ സ്ത്രീകൾക്ക് ഒരുവിധ അവകാശങ്ങളോ അധികാരങ്ങളോ ഉണ്ടായിരുന്നില്ല. എങ്കിലും ഒരു പെൺകുട്ടി അവളുടെ വളർച്ചയുടെ ഘട്ടങ്ങളിൽ പരിശീലിപ്പിക്കപ്പെടുന്നത് ഈ പിതൃദായക്രമ





ത്തിന്റെ വാഹകരായി മാറാനാണ്. അതിനായി ഉപയോഗിക്കപ്പെടുന്ന പ്രധാന ഉപകരണമായി മാറുന്നത് എപ്പോഴും മതമാണ്. മതം അനുശാസിക്കുന്ന ഭയഭക്തിവിശ്വാസങ്ങളിലൂടെ കുടുംബത്തിന്റെ സംരക്ഷണം ധാർമിക ഉത്തരവാദിത്വമായി ഏറ്റെടുക്കേണ്ടിവരുന്നത് സ്ത്രീകൾക്കാണ്. ഒരു സ്ത്രീയുടെ ജീവിതത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന രണ്ടു വേഷങ്ങളാണ് ഭാര്യയുടെയും അമ്മയുടെയും. കുടുംബത്തിന്റെ സംരക്ഷണത്തിനായി പ്രാർഥനകളും വ്രതങ്ങളും നോറ്റ്, മതം അനുശാസിക്കുന്ന രീതിയിൽ മാത്രമുള്ള ചിന്തകൾക്കും പ്രവൃത്തികൾക്കും പ്രാധാന്യം കൊടുത്തുകൊണ്ടു ജീവിക്കുന്നതിലൂടെ അവൾ തന്റെ കുടുംബത്തിന്റെ വിളക്കായും നെടുംതൂണായും മാറുന്നു. സ്വന്തം സമ്മതമോ പരിഗണനയോ ഒന്നുമില്ലാതെ തന്നെ സ്വന്തം ജീവിതം ബലികഴിക്കയാണെന്ന തിരിച്ചറിവു പോലുമില്ലാതെ സ്ത്രീകൾ ജീവിതം തള്ളിനീക്കുന്ന അവസ്ഥയിലാണ് മതങ്ങൾ സ്ത്രീകളുടെ ജീവിതം രൂപപ്പെടുത്തിയത്. ഇങ്ങനെ, സാമൂഹികവും ജാതീയവും മതപരവുമായ ചങ്ങലക്കെട്ടുതികളിൽ കുരുങ്ങിക്കിടന്നുകൊണ്ട്, ഇത്തരം വിവേചനങ്ങൾ സ്വന്തം ഉത്തരവാദിത്വങ്ങളായി ഏറ്റെടുത്തുകൊണ്ടാണ് സ്ത്രീകൾ ജീവിതം നയിച്ചിരുന്നത്. ആണധികാരസമൂഹത്തിന്റെ വിജയവും അതായിരുന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് ഉദയംപേരൂർ സൂനഹദോസിന്റെ ചർച്ചകൾ പുരോഗമിക്കുന്നതും കാലോചിതമായ മാറ്റങ്ങളിലൂടെയുള്ള നവീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതും.

പോർച്ചുഗീസ്കാലത്ത് കേരള ക്രൈസ്തവസഭയുടെ ചരിത്രത്തിലുണ്ടായ ഏറ്റവും പ്രധാനപ്പെട്ട സംഭവമാണ് 1599 ജൂൺ മാസത്തിൽ സമ്മേളിച്ച ഉദയംപേരൂർ സൂനഹദോസ്. നെസ്തോറിയൻ മിഥ്യാവാദം ഉന്മൂലനം ചെയ്യുകയും കേരളത്തിലെ ക്രൈസ്തവസമുദായത്തെ റോമൻ സഭയുടെ ആധിപത്യത്തിൽ കൊണ്ടുവരുകയുമായിരുന്നു സൂനഹദോസിന്റെ ലക്ഷ്യങ്ങൾ എന്ന് ശ്രീധരമേനോൻ കൃത്യമായി പറഞ്ഞുവയ്ക്കുന്നുണ്ട്. അതുതന്നെയാണ് ഈ സൂനഹദോസിന്റെ പ്രാധാന്യം വിശകലനം ചെയ്യുന്നതിൽ താത്പര്യം ജനിപ്പിക്കുന്നതും. സഭയെ നെസ്തോറിയൻ പോലുള്ള പാഷണ്ഡതകളിൽ നിന്നു സംരക്ഷിച്ചുനിർത്താനും സഭയുടെ മുന്നോട്ടുള്ള നിലനില്പിലുള്ള ആശങ്കകളുമായിരിക്കും ഉദയംപേരൂർ സൂനഹദോസിലേക്ക് വഴിതെളിച്ച കാര്യങ്ങൾ. എങ്കിലും, ഒരു മനുഷ്യന്റെ സാമൂഹികവും കുടുംബപരവുമായ എല്ലാ കാര്യങ്ങളും അപഗ്രഥിച്ചുകൊണ്ടാണ് സഭ അതിലേക്ക് എത്തിച്ചേരുന്നത്. ഒരു കുഞ്ഞ് ജനിക്കുന്നതു മുതലുള്ള അവന്റെ/അവളുടെ ഈലോകജീവിതവും പരലോകപ്രാപ്തിയുമെല്ലാം ഈ സൂനഹദോസിന്റെ വിഷയങ്ങളായി പരിണമിച്ചു. അതുപോലെ, ഒരാണിന്റെയും പെണ്ണിന്റെയും ജീവിതത്തിലെ പ്രധാനസംഭവവികാസങ്ങൾ മനസ്സിലാക്കി അന്നത്തെ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചുള്ള മാറ്റങ്ങൾ നിർദേശിക്കുന്നുമുണ്ട്. ഓരോ മനുഷ്യന്റെയും സ്വത്വത്തിന്റെ നിലനില്പ് പൂർണമായ തോതിൽ കണക്കിലെടുത്തു കൊണ്ടുള്ള ഉപാധികൾ മുന്നോട്ടു വയ്ക്കുന്ന സാമൂഹിക പരിഷ്കരണ മാർഗരേഖയായി ഉദയംപേരൂർ സൂനഹദോസ് മാറുന്നങ്ങനെ

യാണ്. കേരളനവീകരണപ്രസ്ഥാനങ്ങളുടെ ഉദയത്തിനും എത്രയോ നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ അത്തരമൊരു ദീർഘവീക്ഷണത്തോടെ കേരള ക്രൈസ്തവരുടെ ഇടയിൽ നടപ്പിലാക്കപ്പെട്ട നവീകരണ പ്രസ്ഥാനമാണ് ഉദയംപേരൂർ സൂനഹദോസ്. ഇത്തരത്തിൽ മതാത്മകമായ കാര്യങ്ങളിൽ മാത്രം ഒതുങ്ങി നില്ക്കാതെ സാധാരണ മനുഷ്യനു നേരിടേണ്ടിവരുന്ന അടിച്ചമർത്തലുകളും വിവേചനങ്ങളും അടിമത്ത്വവുമെല്ലാം സഭ കണക്കിലെടുത്തു എന്നത് ഇവിടെ പ്രസക്തമാണ്. സഭയിലെ മനുഷ്യർക്കും അവരുടെ ജീവിതരീതികൾക്കുമൊക്കെ പ്രാധാന്യം നല്കിക്കൊണ്ടുള്ള ഡിക്രികളാണ് ഉദയംപേരൂർ സൂനഹദോസ് പുറപ്പെടുവിച്ചത്. ദൈവികതയ്ക്കൊപ്പം മാനവികതയും അംഗീകരിക്കപ്പെടുകയും അതിലൂടെ ഒരു സമൂല പരിവർത്തനത്തിന് സൂനഹദോസ് തുടക്കം കുറിക്കുകയും ചെയ്തു. അന്ന് നിലനിന്നിരുന്ന സാമൂഹിക വ്യവസ്ഥകൾ മാത്രമല്ല, കുടുംബവ്യവസ്ഥകളും പരിഗണിക്കുകയും ജനാധിപത്യപരമായ മാറ്റങ്ങൾക്കു വേണ്ടിയുള്ള പരിഷ്കരണങ്ങൾക്ക് ആഹ്വാനം നല്കുകയും ചെയ്തു. അങ്ങനെയാണ് പുരോഹിതന്മാരുടെ പട്ടത്തെക്കുറിച്ചു പറയുന്ന അതേ പ്രാധാന്യത്തോടെ വിവാഹത്തെക്കുറിച്ചുള്ള പരിഷ്കരണങ്ങൾ അതിലുൾപ്പെട്ടത്. വിവാഹത്തിൽ സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യത കല്പിച്ചു നല്കുന്ന പലകാര്യങ്ങളും അതിലൂടെ നിലവിൽ വന്നു. സൂനഹദോസിന്റെ അഞ്ചാം യോഗത്തിലാണ് തിരുപട്ടത്തെക്കുറിച്ചും വിവാഹത്തെക്കുറിച്ചും പ്രമാണങ്ങൾ ഉള്ളത്.

ഉദയംപേരൂർ സൂനഹദോസ് വരെ വിവാഹം ഒരു കൂദാശയായി അംഗീകരിക്കപ്പെട്ടിരുന്നില്ല. ബഹുഭാര്യാത്വം നിലവിലിരുന്നു. ശൈശവവിവാഹവും അന്നത്തെ സാമൂഹികവ്യവസ്ഥയിൽ അംഗീകരിക്കപ്പെട്ടിരുന്നു. ഉദയംപേരൂർ സൂനഹദോസാണ് വിവാഹം ഒരു കൂദാശയായി പരിണമിപ്പിച്ചത്. സൂനഹദോസിന്റെ കാനോനകളിൽ 'പെങ്കെട്ട' എന്നാണ് വിവാഹത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ചുള്ള 16 ഡിക്രികളാണ് സൂനഹദോസ് പാസ്സാക്കിയത്. സൂനഹദോസിനു മുമ്പ് പട്ടക്കാർക്കും, വിവാഹം കഴിക്കാമായിരുന്നു. അവരുടെ ഭാര്യമാർ മലബാർ സഭയിൽ 'കത്തത്തിയാർ' അഥവാ 'കസാനിയാരസ്' എന്നും അറിയപ്പെട്ടിരുന്നു. പള്ളിയിൽ നിന്നുള്ള പ്രത്യേക അലവൻസും അവർക്ക് ലഭ്യമായിരുന്നു. എന്നാൽ സൂനഹദോസ്, പട്ടക്കാർക്ക് ബ്രഹ്മചര്യം നിർബന്ധമാക്കുകയാണുണ്ടായത്.

വിവാഹവുമായി ബന്ധപ്പെട്ട് സൂനഹദോസിന്റെ ഡിക്രികൾ ഇവിടെ പരാമർശിക്കുന്നു.

a) വിവാഹം പള്ളിയിൽ വച്ചുനടത്തണമെന്ന് നിഷ്കർഷിച്ചു.

b) വിവാഹപ്രായം (ആണിനും, പെണ്ണിനും) നിശ്ചയിച്ചു തീരുമാനമായി.

c) വിവാഹം ഒരു കൂദാശയായി അംഗീകരിച്ചു.

d) പുനർവിവാഹനിയമങ്ങളും ഇതിലുൾപ്പെടുത്തി.





e) അടുത്ത ബന്ധുക്കൾ തമ്മിലുള്ള വിവാഹബന്ധങ്ങൾക്ക് വിലക്കേർപ്പെടുത്തി.

f) വിവാഹരേഖകൾ കൃത്യമായി സൂക്ഷിക്കാനുള്ള നടപടികൾ കൈക്കൊണ്ടു.

g) വിവാഹബന്ധങ്ങൾ അനുവദനീയമല്ലാത്ത ആത്മീയബന്ധങ്ങൾ നിർണയിച്ചു.

h) വിവാഹതീയതികൾ തീരുമാനിക്കുന്നതു സംബന്ധിച്ചും തീരുമാനങ്ങൾ കൈക്കൊണ്ടു.

i) വിവാഹിതർ പിരിഞ്ഞു താമസിക്കുന്നതിനെതിരേയുള്ള ശാസനകൾ ഇതിലുൾപ്പെടുത്തി. [5]

വിവാഹമെന്ന വിശുദ്ധകൂദാശാ നിർവഹണം പള്ളിയിൽവച്ച് പട്ടക്കാരന്റെയും മറ്റ് രണ്ടു സാക്ഷികളുടെയും സാന്നിധ്യത്തിലായിരിക്കണമെന്ന് നിജപ്പെടുത്തിയത് ഉദയംപേരൂർ സൂനഹദോസാണ്. പെണ്ണിന്റെ പള്ളിയിൽ വച്ച് വിവാഹം ആശീർവദിക്കണം 'പസാരം'[6] പെണ്ണിന്റെ പള്ളിക്ക് അവകാശപ്പെട്ടതാണ്. ഏതെങ്കിലും അസൗകര്യം നിമിത്തം പെണ്ണിന്റെ പള്ളിയല്ലാതെ മറ്റേതെങ്കിലും പള്ളിയിൽവച്ച് വിവാഹം നടത്തേണ്ടിവന്നാലും, പസാരം പെണ്ണിന്റെ പള്ളിക്ക് അവകാശപ്പെട്ടതായിരിക്കും. കേരള സഭയക്ക് സാമ്പത്തിക കെട്ടുറപ്പുനല്കിയ ഒന്നായിരുന്നു പസാര വ്യവസ്ഥ. എല്ലാ പള്ളികൾക്കും പള്ളിയോഗങ്ങൾക്കും ഇത് സ്വീകാര്യമായിരുന്നില്ലെങ്കിൽക്കൂടി, സൂനഹദോസ് അത് ഏകീകരിച്ച് കേരളസഭയിൽ നടപ്പിലാക്കി. വിവാഹത്തിന് ആണിന്റെയും പെണ്ണിന്റെയും പരസ്യമായ സമ്മതപ്രകടനം നിർബന്ധമായിരുന്നു. വിവാഹം നിശ്ചയിച്ചു കഴിഞ്ഞാൽ, പള്ളിയിൽ അത് വിളിച്ചുചൊല്ലി നാട്ടുകാരെ അറിയിക്കണമായിരുന്നു. രക്തബന്ധങ്ങളിൽ നിന്നുള്ള വിവാഹബന്ധം നിഷിദ്ധമായി കരുതി അത് നിർത്തലാക്കി. വിവാഹസംബന്ധമായ രേഖകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്ന സമ്പ്രദായത്തിന് തുടക്കംകുറിച്ചു. ആഗമനകാലത്തിന്റെ ആരംഭം മുതൽ രാക്കുളിപ്പെരുന്നാൾ വരെയും വിഭൂതി ബുധൻ മുതൽ ഉയിർപ്പ് പെരുന്നാൾ വരെയും വിവാഹങ്ങൾ പാടില്ല എന്ന സാർവത്രിക സഭയുടെയും കേരളക്രൈസ്തവരുടെയും നിലപാട് സൂനഹദോസ് സ്വീകരിക്കുകയും അത് മാറ്റമില്ലാതെ തുടരണമെന്നു പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.[7]

വിവാഹം സംബന്ധിച്ച കാര്യങ്ങൾക്ക് ഇത്രമാത്രം പ്രാധാന്യം ലഭ്യമായത് ഒരു വലിയ കാര്യമായി കണക്കാക്കാവുന്നതാണ്. കാരണം, ബഹുഭാര്യാത്വവും ശൈശവവിവാഹവും പെൺകുട്ടികളുടെ സമ്മതമില്ലാതെ വിവാഹം നടത്തലുമൊക്കെയായി അരക്ഷിതാവസ്ഥയിലായിരുന്നു അന്നത്തെ വിവാഹബന്ധങ്ങൾ. പള്ളികളിൽ പട്ടക്കാരുടെയും മറ്റു ജനങ്ങളുടെയും സമ്മതത്തിലും സാന്നിധ്യത്തിലും വിവാഹം നടത്തണമെന്ന ആഹ്വാനം വിവാഹബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനുള്ള മാർഗങ്ങളായി മാറി. ഏറ്റവും പ്രാധാന്യമർഹിക്കുന്നത് പെൺകുട്ടിയുടെ സമ്മതം ചോദിക്കൽ

തന്നെയാണ്. ഒരു കാര്യത്തിലും സ്വന്തമായി അഭിപ്രായം പറയാൻ അവൾക്ക് അന്നു സാധിക്കുമായിരുന്നില്ല. അങ്ങനെയൊരു സാഹചര്യത്തിലാണ് ജീവിതത്തിലെ ഏറ്റവും നിർണായകമായ അവസരത്തിൽ തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം ഇതിലൂടെ അവൾക്കു കൈവരുന്നത്. മാത്രമല്ല, വിവാഹത്തിന് പള്ളികളിൽത്തന്നെ രേഖകൾ സൂക്ഷിക്കാനുള്ള സംവിധാനമുണ്ടായത് ഒരു ചെറിയ കാര്യമല്ല. വിവാഹബന്ധത്തിലേർപ്പെടുന്ന കുടുംബങ്ങളുടെ വിവരങ്ങളടക്കം അതിലുണ്ടാകും. ഈയടുത്തകാലം വരെ പള്ളികളിലെ വിവാഹരേഖ ക്രിസ്ത്യാനികളെ സംബന്ധിച്ച് ഔദ്യോഗിക രേഖയായിത്തന്നെയാണ് കണക്കാക്കപ്പെട്ടിരുന്നത്. ഗവൺമെന്റ് തലത്തിലും അത് അംഗീകരിക്കപ്പെട്ട രേഖയായിരുന്നു. പസാര വ്യവസ്ഥ, പക്ഷേ, അത്ര നല്ലതായി കണക്കിലെടുക്കാൻ സാധ്യമല്ല. കാരണം, സ്ത്രീധനത്തിന്റെ പേരിലുള്ള ഒരുപാട് പ്രശ്നങ്ങൾക്ക് അന്നത്തെ സമൂഹവും ഇരയായിക്കൊണ്ടിരുന്ന സാഹചര്യത്തിൽ അതിനെ ഊട്ടിയുറപ്പിക്കുക മാത്രമല്ല, പിന്നെയോ, സ്ത്രീധനത്തിന്റെ പത്തിലൊന്ന് പെൺകുട്ടിയുടെ പള്ളിക്കു നല്കേണ്ടുന്നത് നിർബന്ധമാക്കുകയും ചെയ്തു. ഈ സാമൂഹിക അനാചാരം ഒഴിവാക്കി പെണ്ണിന്റെ ജീവിതം  കുറച്ചുകൂടെ സ്വതന്ത്രമാക്കുന്നതിനു പകരം അതിനെ ഊട്ടിയുറപ്പിച്ച സൂനഹദോസ് നടപടി അത്തരത്തിൽ പെൺകുട്ടികളുടെയും അവരുടെ കുടുംബങ്ങളുടെയും ജീവിതം ദുസ്സഹമാക്കുകയാണ് ചെയ്തത്. മാത്രമല്ല, ഇത് സ്വീകാര്യമല്ലാതിരുന്ന ഇടങ്ങളിൽക്കൂടി ഇത് നിർബന്ധമാക്കുകയാണ് ചെയ്തത്. വിവാഹനിശ്ചയം കഴിഞ്ഞാൽ പരസ്യമായി നടത്തുന്ന വിളിച്ചു ചൊല്ലലുകൾ പെണ്ണിന്റെ ജീവതം കുറച്ചുകൂടി സുരക്ഷിതമാക്കാനുള്ള നടപടിയായി മാറി. അതുപോലെ രക്തബന്ധങ്ങളിൽ നിന്നുള്ള വിവാഹബന്ധം ശാസ്ത്രീയമായി തെറ്റാണെന്ന് അറിയുന്നതിനുമുമ്പു തന്നെ, അത്തരമൊരു നിലപാടിലേക്കെത്തിയതും സ്തുത്യർഹമാണ്. ശൈശവവിവാഹം തടയുന്നതിനായി ആൺകുട്ടിക്ക് പതിനാല് വയസ്സും പെൺകുട്ടിക്ക് പന്ത്രണ്ട് വയസ്സുമാണ് സൂനഹദോസ് നിശ്ചയിച്ച പ്രായം. ക്രൈസ്തവ സഭ ആഗോളവ്യാപകമായി നടപ്പിലാക്കിയ ആണിന്റെയും പെണ്ണിന്റെയും വിവാഹപ്രായം യഥാക്രമം പതിനാല്, പന്ത്രണ്ട് എന്ന ക്രമത്തിലാണ്. ഒരു കുട്ടിയുടെ ശാരീരകവും മാനസികവുമായ വളർച്ച പൂർണമാകാത്ത അവസ്ഥയാണതെന്ന് തോന്നാമെങ്കിലും അന്നത്തെ ആയുർദൈർഘ്യം ഇന്നത്തേതിന്റെ ഏതാണ്ട് പകുതിയൊക്കെയേ ഉണ്ടായിരുന്നുള്ളൂവെന്ന് സെൻസസ് റിപ്പോർട്ട് പരിശോധിച്ചാൽ മനസ്സിലാവുന്നതാണ്.[9] അതുകൊണ്ടുതന്നെ സഭ നടപ്പിലാക്കിയ പരസ്യമായ മനസ്സമ്മതം ചോദിക്കൽ ചടങ്ങുകൾ എത്രമാത്രം കൃത്യമായി ഉപയോഗിക്കപ്പെട്ടു എന്നതും സംശയമാണ്. സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീയെ ഉപേക്ഷിക്കുന്നതൊക്കെത്തന്നെ ഇതിലൂടെ ഭാഗികമായെങ്കിലും നിർത്തലാക്കപ്പെടുന്നുണ്ട്. ഇതിനോടൊപ്പം വളരെ പ്രാധാന്യത്തോടെ ചേർത്തുവായിക്കേണ്ട മറ്റൊരു കാര്യമാണ്. 'കാവ്യരുടെ'[10] ഇടയിൽ ഉണ്ടായിരുന്ന ജ്യോതിഷത്തിലെ നിയമങ്ങളനുസരിച്ച് ചീത്ത ദിവസങ്ങളിൽ ജനിക്കുന്ന കുട്ടികളെ കൊന്നു കളയുകയോ ആർക്കെങ്കിലും കൊടുക്കുകയോ ചെയ്യുന്ന ആചാരം. എന്നാൽ അത്തരം കുട്ടികളെ മതത്തിൽ ചേർത്ത്





ക്രിസ്തീയസ്നേഹത്തിൽ വളർത്തിക്കൊണ്ടുവരാനുള്ള നിർദേശം ഒരു തലമുറയെ വാർത്തെടുക്കുന്നതിൽ നിർണായക പങ്കു വഹിക്കുന്നതാണ്. ഇതിനായി പട്ടക്കാരനെയും ചുമതലപ്പെടുത്തുന്നതായി കാണാം. അതൊക്കെ വരുംകാല സമൂഹത്തെ മുൻനിർത്തിയുള്ള തീരുമാനങ്ങളാണ്. മനസ്സു ചോദിക്കലും, വിവാഹ രേഖകൾ സൂക്ഷിക്കലുമൊക്കെ അന്നത്തെക്കാലത്തെ അപേക്ഷിച്ച് പില്ക്കാലത്താണ് കുറെക്കൂടി പ്രാബല്യത്തിൽ വരുന്നതെന്ന് കാണാൻ സാധിക്കും. അത് ഉപയോഗിക്കുന്നതിന്റെ സാധ്യതകൾ ജനങ്ങൾക്കിടയിലേക്ക് വലിയൊരളവിൽ പകർന്നു കിട്ടുന്നതും അപ്പോഴാണ്. വിവാഹമോചനത്തിന് അനുവദനീയമായ പരിധികൾ നിശ്ചയിക്കപ്പെട്ടു. വിവാഹമോചിതർക്ക് പുനർവിവാഹ സാധ്യതകളും ഉണ്ടായി. എങ്കിലും പുനർവിവാഹിതരെ രണ്ടാം തരക്കാരായാണ് കണ്ടിരുന്നതെന്ന് മനസ്സിലാക്കാൻ പറ്റുന്നുണ്ട്. പുനർവിവാഹിതർക്ക് പള്ളിക്കു പുറത്ത്വച്ചുള്ള ചടങ്ങുകളാണുള്ളത്. പള്ളിക്കു പുറത്തു വച്ച് വിവാഹം ആശീർവദിക്കുന്നു. തുടർന്ന് അവർക്ക് ഉള്ളിൽ പ്രവേശിച്ച് വണങ്ങി മടങ്ങിപ്പോകാം. സഭയിലും സമൂഹത്തിലും ഇത്തരത്തിലുള്ളവർ രണ്ടാം തരക്കാരായി തുടർന്നുവെന്നത് ന്യൂനത തന്നെയാണ്.

കേരളത്തിലെ സ്ത്രീകൾക്കും പാരമ്പര്യസ്വത്തിൽ അവകാശമുണ്ടെന്നു സമർഥിച്ച സമ്മേളനമായിരുന്നു ഉദയംപേരൂർ സൂനഹദോസ്. സൂനഹദോസിന്റെ ഒൻപതാമത്തെ സെഷനിൽ, ഇരുപതാം ഡിക്രിയിൽ സ്ത്രീകൾക്കു ലഭിക്കേണ്ട സ്വത്തവകാശനിരോധനം സഭ എതിർക്കുന്നുണ്ട്.[11] പെൺകുട്ടികൾ മാത്രമുള്ള വീടുകളാണെങ്കിൽപ്പോലും അവർക്ക് കുടുംബസ്വത്തിന് അർഹതയുണ്ടായിരുന്നില്ല. സ്ത്രീകൾക്കും അവരുടെ പാരമ്പര്യസ്വത്തിന് അർഹതയുണ്ടെന്നും അതു നല്കേണ്ടതുമാണെന്ന് സഭ നിഷ്കർഷിച്ചു. ഇന്ന് സ്ത്രീകളുടെ സ്വതന്ത്രമായ നിലനില്പിന് ബലം നല്കുന്ന വളരെ പുരോഗമനപരമായ ഒരു തീരുമാനമായി അത് കണക്കാക്കാവുന്നതാണ്. അന്നത്തെ സമൂഹത്തിൽ പലതരം വിമർശനങ്ങൾക്കും ഇത് വഴിയൊരുക്കി. അതുകൊണ്ടുതന്നെ കൃത്യമായി ഇത് പാലിക്കപ്പെട്ടില്ലെന്ന് പതിനെട്ടും, പത്തൊമ്പതും നൂറ്റാണ്ടുകളിലുണ്ടായ റെഗുലേഷനുകളിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. സമൂഹത്തിൽ സ്ത്രീപുരുഷ തുല്യതയ്ക്ക് ഊന്നൽ നല്കിയ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് സ്ത്രീകളുടെ സ്വത്തവകാശനയരൂപവത്കരണം.

ഒരു കാലഘട്ടത്തിന്റെ നാഴികക്കല്ലായി സൂനഹദോസ് മാറിയെന്നതിൽ സംശയമില്ല. പക്ഷേ, അന്നുണ്ടായിരുന്ന സ്ത്രീകളുടെ ജീവിതപരിവർത്തനത്തിൽ എത്രത്തോളം മാറ്റങ്ങളുണ്ടാക്കി എന്നത് ഇനിയും പരിശോധിക്കേണ്ടിയിരിക്കുന്നു. ഒരു സ്ത്രീയെ പൂർണമായ അർഥത്തിൽ സമൂഹമോ കുടുംബമോ ഉൾക്കൊള്ളുന്ന തരത്തിലുള്ള കാര്യങ്ങൾ കുറവായിരുന്നു. നിലവിലിരുന്ന വ്യവസ്ഥിതിക്കനുസരിച്ചുള്ള പരിമിതമായ മാറ്റങ്ങളാണ് അവിടെ സംഭവിച്ചത്. ആ മാറ്റങ്ങൾപോലും അന്നത്തെ സമൂഹത്തിലെ സ്ത്രീകൾക്ക് ഉൾക്കൊള്ളാനും പ്രാവർത്തികമാക്കാനുമുള്ള സാഹചര്യം കുറവായിരുന്നു.

അവളുടെ കുടുംബത്തിലെ, സമൂഹത്തിലെ, സ്വാതന്ത്ര്യത്തെക്കുറിച്ചോ, അടിച്ചമർത്തപ്പെട്ട അവസ്ഥയിൽ നിന്ന് പുരോഗതിയിലേക്കുള്ള സഞ്ചാരത്തെക്കുറിച്ചോ ഒന്നും തന്നെ പരാമർശങ്ങളില്ല. ഭാര്യ, അമ്മ എന്ന പദവികൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള നിയമ പരിഷ്കരണത്തിലൂടെ ഒരു തരത്തിൽ അവരെ അന്നത്തെ സാമൂഹികചുറ്റുപാടിൽ തളച്ചിടുന്നതായി കാണാം. സ്ത്രീകളുടെ വിദ്യാഭ്യാസത്തെക്കുറിച്ചോ അവളുടെ വളർച്ചയുടെ ഘട്ടങ്ങളിൽ വേണ്ട അനിവാര്യമായ മാറ്റങ്ങളെക്കുറിച്ചോ ഉള്ള പരാമർശങ്ങൾ കുറവാണ്. അന്നു നിർമിച്ച വിവാഹ സംബന്ധമായ നിയമങ്ങൾ, പക്ഷേ, പിന്നീടുള്ള വിദ്യാസമ്പന്നരായ പെൺകുട്ടികൾക്ക് കുറെയൊക്കെ പ്രയോജനപ്രദമായി എന്നതിൽ സംശയമില്ല. മുന്നേ സൂചിപ്പിച്ചപോലെ, മതാത്മക കാര്യങ്ങൾ മാത്രം കൈകാര്യം ചെയ്തുപോയാൽ മതിയെന്നിരിക്കേ, ഇത്തരത്തിൽ മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളെയും കുറിച്ച് ചിന്തിക്കുകയും നിർണായക മാറ്റങ്ങൾ നിർദേശിക്കുകയും ചെയ്തതിലൂടെ സൂനഹദോസ് ചെയ്തത് മഹത്തായ കാര്യം തന്നെയാണ്. കാലഘട്ടത്തിനാവശ്യമായ പരിണാമങ്ങളോടു കൂടി ഇത്തരം കൂട്ടായ്മകൾക്ക് സമൂഹത്തിൽ ഇനിയും ചലനങ്ങൾ സൃഷ്ടിക്കാനാകണം. കേരളചരിത്രത്തിൽ ആദ്യകാലത്തുണ്ടായ നവോത്ഥാനചിന്തകളിൽ, അതിന്റെ കൃത്യമായ നടത്തിപ്പിലൂടെ ഉണ്ടായ പരിഷ്കരണങ്ങളിലൊക്കെ സൂനഹദോസ് ഒരു തുടക്കമാണെന്നു പറയാം. കാരണം, പില്ക്കാലത്തുണ്ടായ നവീകരണ പ്രസ്ഥാനങ്ങൾക്ക്, പ്രത്യേകിച്ച് സ്ത്രീ-പുരുഷ തുല്യതയ്ക്ക് വേണ്ടിയുള്ള സമരങ്ങളിൽ സൂനഹദോസ് ഒരു വഴികാട്ടിയായി പരിണമിച്ചിട്ടുണ്ടാവും എന്നതിൽ സംശയമില്ല.

### അടിക്കുറിപ്പുകൾ

1. എസ്. ശ്രീകുമാരി, കേരളീയ സ്ത്രീ നവോത്ഥാനചരിത്രം, ചിന്ത പബ്ലിക്കേഷൻ, തിരുവനന്തപുരം, 2009.
2. പി. കെ. ഗോപാലകൃഷ്ണൻ, കേരളത്തിന്റെ സാംസ്കാരിക ചരിത്രം, ചിന്ത പബ്ലിക്കേഷൻ, തിരുവനന്തപുരം, പേജ് 430.
3. ആർ. രാധാകൃഷ്ണൻ, കേരളത്തിന്റെ സ്ത്രീശക്തിചരിത്രം, മാളൂബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം 2016.
4. കെ. എ. നീലകണ്ഠശാസ്ത്രി, ദ് ചോളാസ്, മദ്രാസ് യൂണിവേഴ്സിറ്റി, 1955, പേജ് 544.
5. Udayamperoor Sunahadhose Decrees I to XVI.
6. പസാരം. ഷെയർ എന്നർഥം. പെൺകുട്ടികൾക്ക് സ്ത്രീധനമായി നല്കുന്നതിന്റെ പത്തിൽ ഒന്ന് പള്ളിക്ക് നല്കിയിരുന്ന സമ്പ്രദായമാണ് പസാരവ്യവസ്ഥ.
7. Antoney Pattaparambil





8. Dominic Vechoor & Emmanuel Mundackal, Moral Living of St. Thomas Christians during the period of the Synod of Diamper, 2016, p.3.
9. Scaria Zacharia, The Acts & Decrees of the Synod of Diamper. 1599, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്, 1991, പേജ് 126.
10. കാവ്യർ. അക്കാലത്ത് ക്രിസ്ത്യാനികൾ അല്ലാത്തവരെ പറഞ്ഞിരുന്ന പേര്.
11. K. J. John, The Road to Diamper 24th May 1599, P. 175.